കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2026 നവംബർ 07 **website: uoc.ac.in**

കാലിക്കറ്റ് സർവകലാശാലാ ബൊട്ടാണിക്കൽ ഗാർഡൻ ഇനി ജൈവവൈവിധ്യ പൈതൃക കേന്ദ്രം

കാലിക്കറ്റ് സർവകലാശാലാ ബോട്ടണി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ബോട്ടാണിക്കൽ ഗാർഡൻ ഇനി സംസ്ഥാനത്തെ രണ്ടാമത്തെ ജൈവവൈവിധ്യ പൈതൃക കേന്ദ്രം. ഇതിനായുള്ള ഗസറ്റ് വിജ്ഞാപനം കേരള സർക്കാർ പുറപ്പെടുവിച്ചു. ബോട്ടണി വിഭാഗം മുൻ പ്രൊഫസർ ഡോ. സന്തോഷ് നമ്പിയുടെ ശ്രമഫലമായി, ദേശീയ ജൈവവൈവിദ്യ ബോർഡിന്റെയും സംസ്ഥാന ജൈവവൈവിദ്യ ബോർഡിന്റെയും സഹായത്തോടെയാണ് ഗാർഡൻ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചത്. 19.5 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ബൊട്ടാണിക്കൽ ഗാർഡൻ അപൂർവമായ സസ്യങ്ങളുടെ കലവറയാണ്. ബ്രയോഫൈറ്റുകൾ, പന്നൽവർഗങ്ങൾ, കാക്ടസുകൾ, ജലസസ്യങ്ങൾ, ഇഞ്ചിവർഗങ്ങൾ, കാട്ടുവാഴകൾ, ഔഷധസസ്യങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി ഇനങ്ങൾ സസ്യോദ്യാനത്തെ സമ്പന്നമാക്കുന്നു. പശ്ചിമഘട്ട പ്രദേശം, അൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സസ്യങ്ങൾ ഈ ഉദ്യാനത്തിൽ ഉണ്ട്. കൂടാതെ, 13.5 ഏക്കറോളം സ്ഥലത്ത് സ്വാഭാവിക സസ്യജാലങ്ങളെ സംരക്ഷിച്ചുനിർത്തിയിട്ടുണ്ട്. ഉദ്യാനത്തിലെ വിശാലമായ ജലസംഭരണികൾ സമീപ പ്രദേശത്തെ ജലസ്രോതസ്സുകളെയും ഗുണകരമായി സ്വാധീനിക്കുന്നുണ്ട്.

പ്രൊഫ. ബി.കെ. നായരുടെ നേതൃത്വത്തിൽ 1968-ൽ സ്ഥാപിതമായ ബൊട്ടാണിക്കൽ ഗാർഡൻ, കാലിക്കറ്റിൽ പലപ്പോഴായി സേവനം അനുഷ്ഠിച്ചിട്ടുള്ള ഒട്ടേറെ പ്രമുഖരായ അധ്യാപകരുടെ ദീർഘ വീക്ഷണത്തിന്റെ ഫലമായാണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി മാറിയത്. ഗാർഡൻ ഇന്ന് ഇന്ത്യയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള സസ്യശാസ്ത്ര ഗവേഷകരും വിദ്യാർത്ഥികളും ഒരുപോലെ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. കാഴ്ചാപരിമിതിയുള്ളവർക്ക് സസ്യങ്ങളെ മണം കൊണ്ടും തൊട്ടറിഞ്ഞും പരിചയപ്പെടാനുമുള്ള പ്രത്യേക സംവിധാനം ഗാർഡനിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, ചെടികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള ഓഡിയോ സംവിധാനവും പേരും മറ്റു വിവരങ്ങളും ബ്രെയിൽ ലിപിയിലും രേഖപ്പെടുത്തിയിട്ടുമുണ്ട്. കാടിന്റെ കുളിർമ അനുഭവിച്ചറിയുവാനും സസ്യങ്ങളെ പരിചയപ്പെടുവാനുമായി കുട്ടികൾക്കായി ഹ്രസ്വദൂര ട്രെക്കിങ് സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഉദ്യാനത്തിന്റെ വിവിധ ഭാഗങ്ങളെയും ഗ്രീൻഹൗസുകളെയും ജല സംഭരണികളെയും ബന്ധിപ്പിച്ചുകൊണ്ട് മനോഹരമായ നടപ്പാതകളും ഉണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ പ്രധാനമന്ത്രി ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതിയിൽ കേന്ദ്ര - സംസ്ഥാന സർക്കാർ സഹായത്തോടെ 3.6 കോടി രൂപ ചെലവിൽ നിർമ്മിച്ച അത്യാധുനിക ഗവേഷണ കേന്ദ്രം- ഇന്റർ ഡിസിപ്ലിനറി സെന്റർ ഫോർ ബയോ പ്രോസ്പെക്റ്റിങ് (ICPTB) സസ്യവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന ബഹുമുഖമായ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന് മുതൽക്കൂട്ടാവും.

ഫോട്ടോ :

1. *കാലിക്കറ്റ് സർവകലാശാലാ ബോട്ടാണിക്കൽ ഗാർഡന്റെ പ്രവേശന കവാടം*
2. *കാലിക്കറ്റ് സർവകലാശാലാ ബോട്ടാണിക്കൽ ഗാർഡന്റെ ആകാശ ദൃശ്യം*

പി.ആർ. 1559/2026

അഖിലേന്ത്യാ അന്തർ സർവകലാശാല ക്രോസ്സ് കൺട്രി പുരുഷ ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാലക്ക് ചരിത്ര വിജയം

മംഗളൂർ സർവകലാശാലയിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാലാ ക്രോസ്സ് കൺട്രി പുരുഷ ചാമ്പ്യൻഷിപ്പിൽ 62 പോയിന്റ് നേടി കാലിക്കറ്റ് സർവകലാശാല റണ്ണർ അപ്പ് സ്ഥാനം കരസ്ഥമാക്കി. 52 പോയിന്റുമായി മഹർഷി ദയാനന്ദ് സർവകലാശാല ഒന്നാം സ്ഥാനവും 70 പോയിന്റുമായി ആതിഥ്യയരായ മംഗളൂർ സർവകലാശാല മൂന്നാം സ്ഥാനവുമാണ് കരസ്ഥമാക്കിയത്. 2008-ൽ കാലിക്കറ്റ് സർവകലാശാല തൃശ്ശൂരിൽ വച്ച് നടത്തിയ അഖിലേന്ത്യാ അന്തർ സർവകലാശാലാ ക്രോസ്സ് കൺട്രി പുരുഷ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയിരുന്നു. നീണ്ട 18 വർഷത്തെ ഇടവേളക്ക് ശേഷമാണ് ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് മെഡൽ നേട്ടം കൈവരിക്കുന്നത്. 1998 - 99-ൽ ഐ.ഐ.ടി. കാൺപൂർ, 1997 - 98-ൽ പഞ്ചാബ് സർവകലാശാല, 1996 - 97-ൽ പൂവമ്പുർ സർവകലാശാല എന്നിവിടങ്ങളിൽ നടന്ന അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിലും കാലിക്കറ്റ് സർവകലാശാല മൂന്നാം സ്ഥാനം നേടിയിട്ടുണ്ട്. 1993 - 94-ൽ ചൗധരി ചരൺ സിങ് സർവകലാശാലയിൽ നടന്ന അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാല കിരീടം നേടുകയുണ്ടായി. ഗണേഷ്, രാമരതൻ സിംഗ്, ഗൗരവ് (ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട), എം.എഫ്. അജ്മൽ, ദേവകട്ടെ അഭിഷേക് കമന്ന (സെന്റ് തോമസ് കോളേജ്, തൃശൂർ) എ. അരുൺ കുമാർ (ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്) എന്നിവരാണ് ടീമംഗങ്ങൾ. സേവിയർ പൗലോസ്, ടി.എ. അജിത് എന്നിവർ പരിശീലകരും ഡോ. വി. അശ്വിൻ രാജ് ടീം മാനേജരുമാണ്.

ഫോട്ടോ : *മംഗളൂർ സർവകലാശാലയിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാലാ ക്രോസ്സ് കൺട്രി പുരുഷ ചാമ്പ്യൻഷിപ്പിൽ റണ്ണറപ്പായ കാലിക്കറ്റ് സർവകലാശാലാ ടീം.*

പി.ആർ. 1560/2026

പ്രോജക്റ്റ് അസോസിയേറ്റ് നിയമനം

കാലിക്കറ്റ് സർവകലാശാലാ കെമിസ്ട്രി വിഭാഗം സീനിയർ പ്രൊഫസർ ഡോ. എബ്രഹാം ജോസഫ് കോർഡിനേറ്ററായിട്ടുള്ള പ്രോജക്റ്റിലെ (DST - PURSE Project : "Harvesting Renewable Energy for a Sustainable Future Explorations on Designer Molecules and Functional Materials") ' പ്രോജക്റ്റ് അസോസിയേറ്റ് II ' തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. മിനിമം യോഗ്യത : രണ്ട് വർഷത്തെ ഗവേഷണ പരിചയത്തോടുകൂടിയ കെമിസ്ട്രിയിലുള്ള (അല്ലെങ്കിൽ അനുബന്ധ വിഷത്തിലുള്ള) ബിരുദാനന്തര ബിരുദം. ഉയർന്ന പ്രായപരിധി 35 വയസ്. താത്പര്യമുള്ളവർക്ക് ബയോഡാറ്റ, ഇ-മെയിൽ ഐ.ഡി., മതിയായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നവംബർ 20 നോ അതിനു മുമ്പോ purseuoc@gmail.com എന്ന ഇ-മെയിലിൽ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : ഡോ. എബ്രഹാം ജോസ

ഫ്, സീനിയർ പ്രൊഫസർ, രസതന്ത്ര വിഭാഗം, കാലിക്കറ്റ് സർവകലാശാല, മലപ്പുറം - 673 635, ഇ - മെയിൽ : abrahamjoseph@uoc.ac.in , purseuoc@gmail.com , ഫോൺ : 9447650334. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാകും.

പി.ആർ. 1561/2026

പരീക്ഷ മാറ്റിവെച്ചു

നവംബർ 09, 11 തീയതികളിൽ സർവകലാശാലാ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസിലെ മൂന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി വിദ്യാർഥികൾക്കും സർവകലാശാലാ ക്യാമ്പസിലെ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിലെ മൂന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് വിദ്യാർഥികൾക്കും നടത്താനിരുന്ന നവംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളും നവംബർ 09, 11 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം - 2023 പ്രവേശനം മുതൽ) നവംബർ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകളും മൂന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം - 2022 പ്രവേശനം മുതൽ) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളും മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കും.

പി.ആർ. 1562/2026

പരീക്ഷ റീ - ഷെഡ്യൂൾ ചെയ്തു

അഫിലിയേറ്റഡ് കോളേജുകളിൽ (സർവകലാശാലാ ക്യാമ്പസിലെ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിലെ വിദ്യാർത്ഥികൾക്ക് ഒഴികെ) നവംബർ 03, 05 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് (പി.ജി. - സി.ബി.സി.എസ്.എസ്. - 2019 സ്കീം) പരീക്ഷകൾ യഥാക്രമം നവംബർ 13, 16 തീയതികളിൽ നടത്തും.

അഫിലിയേറ്റഡ് കോളേജുകളിലെ (സർവകലാശാലാ സ്കൂൾ ഓഫ് ഹെൽത്ത് സയൻസസിലെ വിദ്യാർത്ഥികൾക്ക് ഒഴികെ) മൂന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി (സി.ബി.സി.എസ്.എസ്. - പി.ജി. - 2019 സ്കീം - 2023 പ്രവേശനം മുതൽ) നവംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ റീ - ഷെഡ്യൂൾ ചെയ്തത് പ്രകാരം നവംബർ 11-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പി.ആർ. 1563/2026

പരീക്ഷാ അപേക്ഷ

മൂന്നാം സെമസ്റ്റർ എം.എഡ്. (2023 പ്രവേശനം മുതൽ) ഡിസംബർ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 20 വരെയും 210 രൂപ പിഴയോടുകൂടി 24 വരെയും അപേക്ഷിക്കാം. ലിങ്ക് നവംബർ 09 മുതൽ ലഭ്യമാകും.

പി.ആർ. 1564/2026

പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2024 പ്രവേശനം മുതൽ) നവംബർ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ ഡിസംബർ 07-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പി.ആർ. 1565/2026